بسم الله الرحمن الرحيم

14.01.2011
ബൈതുൽ ഫുതൂഹ്
ലണ്ടൻ

# നബി ﷺ ന്റെ ഉൽകൃഷ്ട സ്വഭാവ ഗുണം

خُذِ الْعَفْوَ وَأْمُرْ بِالْعُرْفِ وَأَعْرِضْ عَنِ الْجٰهِلِيْنَ ﴿۲۰۰﴾

മാപ്പ് ചെയ്യുന്ന സ്വഭാവം കൈക്കൊള്ളുക നല്ല കാര്യം ഉപദേശിക്കുക. അവിവേകം പ്രവർത്തിക്കുന്നവരിൽ നിന്നൊഴിഞ്ഞ് മാറുകയും ചെയ്യുക.

ഹദ്റത്ത് മുഹമ്മദ് മുസ്തഫ ﷺ നെ സംബന്ധിച്ച ഹ: ആയിശ (റ) യുടെ كَانَ خُلُقُهُ الْقُرْآنُ അതായത് അങ്ങയുടെ ജീവിതം വിശുദ്ധ ഖുർആന്റെ കൽപനകളുടെയും സ്വഭവഗുണങ്ങളുടെയും പ്രാവർത്തിക രൂപമായിരുന്നു എന്ന വാക്യം അങ്ങയുടെ ഉൽകൃഷ്ട സ്വഭാവഗുണങ്ങളെ വ്യാപിതിയേറിയ സമുദ്രത്തിന് സമാനമായിട്ടാണ് പറഞ്ഞിട്ടുള്ളത്. എന്നിട്ട് സമുദ്രത്തിൽ നിന്ന് വിലപിടിപ്പുള്ള മുത്തുകൾ തേടുക. ഉൽകൃഷ്ടമായ സ്വഭാവഗുണങ്ങളുടെ ഏത് മുത്തുകൾ കണ്ടെത്തിയാലും അതിൽ എന്റെ പ്രിയ യജമാനൻ ﷺ യുടെ മുദ്ര പതിഞ്ഞതായി കാണാം

ഇതാണ് നുബുവ്വത്തിന്റെ ഏറ്റവും ശ്രേഷ്ടമായ പദവി
اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ وَاَتْمَمْتُ عَلَيْكُمْ نِعْمَتِيْ
എന്ന ദൈവിക നിർദേശത്തിലൂടെ കാണാൻ കഴിയുന്നത് അതാണ്.

''ഇന്നത്തെ ദിവസം നിങ്ങൾക്ക് നിങ്ങളുടെ മതത്തെ പൂർത്തിയാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തിയാക്കിത്തിരികയും ചെയ്തിരിക്കുന്നു.'' ദീനിന്റെ പൂർത്തീകരണവും അനുഗ്രഹങ്ങളുടെ പരിപൂർത്തീകരണവും നബി ﷺ ക്ക് അവസാന ശരീഅത്ത് ഇറക്കിക്കൊണ്ടാണ് അല്ലാഹു അങ്ങയിലൂടെ പൂർത്തീകരിച്ചത്. അങ്ങയെക്കാൾ അധികമായി ആർക്കാണ് ഈ ദൈവിക ഗ്രന്ഥത്തെക്കുറിച്ചോ അവന്റെ തീരുമാനങ്ങളെക്കുറിച്ചോ മനസ്സിലാക്കാൻ സാധിക്കുക. അങ്ങയുടെ ജീവിതത്തിന്റെ ഓരോ ഭാഗവും വിശുദ്ധ ഖുർആന്റെ പ്രാവർത്തിക രൂപമാകുന്നതോടൊപ്പം തന്നെ, അല്ലാഹുവിന്റെ കൽപനപ്രകാരം നമുക്ക് ഉത്തമ മാതൃക കൂടിയാണ്.

ഈയവസരത്തിൽ ഞാൻ നിങ്ങളുടെ മുമ്പാകെ, നബി ﷺ യുടെ പരിശുദ്ധ ജീവിതത്തിന്റെ മനോഹരമായ ഒരു ഭാഗവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ വെക്കുന്നതാണ്. തൽഫലമായി സൽപ്രകൃതക്കാരായവർക്ക് അങ്ങയോടുള്ള സ്നേഹം വർദ്ധിക്കുകയും കൂടാതെ കപടവിശ്വാസികളുടെ മലീനസമായ അവസ്ഥ കണ്ട് കൊണ്ട് അങ്ങ് ഈ സ്വഭാവം കാണിച്ചപ്പോൾ അജ്ഞരിൽ നിന്ന് ഒഴിഞ്ഞ് മാറുക എന്നതനുസരിച്ചപ്പോൾ ഇവരുടെ സ്വഭാവ വൈകൃതങ്ങളും ലോകത്ത് പ്രകടമായി.

ഞാനിന്ന് പറയാനുദ്ദേശിക്കുന്നത് അഫ്വ് അതായത് മാപ്പ് കൊടുക്കുക എന്ന സ്വഭാവഗുണത്തെപ്പറ്റിയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു. ''അല്ലാഹുവുമായി ഏറ്റവും അടുത്ത ആളുകൾക്ക് നേരെ വളരെയേറെ ശകാരവാക്കുകൾ ചൊരിയപ്പെടുകയും അവരെ കഠിനമായ മർദ്ദനങ്ങൾക്ക് വിധേയരാക്കുകയും ചെയ്തു. എന്നാൽ അവർക്ക് ലഭിച്ചിരുന്ന കൽപന وَأَعْرِضْ عَنِ الْجٰهِلِيْنَ ﴿۲۰۰﴾ എന്നത് മാത്രമായിരുന്നു. അവിവേകികളിൽ നിന്ന് ഒഴിഞ്ഞ് മാറുക.'' പരിപൂർണ്ണ മനുഷ്യനായിരുന്ന നമ്മുടെ നബി ﷺ യെ കഠിനമായ മർദ്ദനങ്ങൾക്ക് വിധേയനാക്കപ്പെട്ടു. വളരെയധികം ശകാരവാക്കുകൾക്കും പീഢനങ്ങൾക്കും വിധേയനായി. എന്നാൽ ഉൽകൃഷ്ട സ്വഭാവഗുണങ്ങളുടെ മകുടോദാഹരണമായിരുന്ന ആ വ്യക്തിത്വം അതിന് പകരമായി അവരോടെങ്ങനെയാണ് വർത്തിച്ചത്. അവർക്ക് വേണ്ടി ദുആ ചെയ്തു. അല്ലാഹുവിന്റെ വാഗ്ദാനമുണ്ടായിരുന്നു അതായത് നീ അവിവേകികളിൽ നിന്ന് ഒഴിഞ്ഞു മാറുകയാണെങ്കിൽ നാം നിന്റെ അഭിമാനത്തെയും ജീവനെയും കാത്ത് സൂക്ഷിക്കും ഈ ദുസ്സ്വഭാവികൾക്ക് ഒരിക്കലും അക്രമം നടത്താൻ സാധിക്കുകയുമില്ല. അപ്രകാരം തന്നെയാണുണ്ടായത്. നബിയുടെ എതിരാളികൾക്ക് അങ്ങയുടെ അഭിമാനത്തിൻമേൽ ക്ഷതമേൽപിക്കാൻ സാധിച്ചതേയില്ലെന്ന് മാത്രമല്ല അവർ സ്വയം അപമാനിതരായി അങ്ങയുടെ കാൽക്കൽ വീഴുകയും അല്ലെങ്കിൽ അങ്ങയുടെ മുമ്പിൽ നശിച്ചൊടുങ്ങുകയും ചെയ്തു. ഇത് പറയുക നിസ്സാരകാര്യമാണ്, എന്നാൽ തുടർച്ചയായി അങ്ങയും അങ്ങയുടെ സഹാബാക്കളും കൊടിയ മർദ്ദനങ്ങൾക്ക് വിധേയരാവുകയും എന്നാൽ പിന്നീട് ശക്തി സംഭരിച്ചതിന് ശേഷം ലോകാരംഭം മുതൽ കാണാൻ കഴിയാത്ത രീതിയിലുള്ള മാതൃക കാണിക്കുക എന്നത് നബി ﷺ യുടെ മാത്രം സവിശേഷതയാണ്. പിന്നീട് മുനാഫിഖീങ്ങളുടെയും തീരെ ശിക്ഷണം ലഭിച്ചിട്ടില്ലാത്തവരുടെയും ഇടയിൽ നിന്നുകൊണ്ട് അങ്ങ് ക്ഷമയോടും സഹനത്തോടും കൂടി പ്രവർത്തിച്ചുപോന്നു. ഇതും നിസ്സാരമായ കാര്യമല്ല.

നീതിയോടുകൂടി കാര്യങ്ങൾ വീക്ഷിക്കുന്ന ഒരു ചരിത്രകാരൻ, അയാൾക്ക് മതപരമായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുമെങ്കിലും ഇത് പറയാതെ വയ്യ അതായത് അങ്ങയുടെ ക്ഷമക്കും മാപ്പ് കൊടുക്കലിനും മറ്റ് സ്വഭാവ ഗുണങ്ങൾക്കും എവിടെയും ഉദാഹരണം കണ്ടെത്താൻ സാധ്യമല്ല. എഴുത്തുകാരായ പല ഹിന്ദുക്കളും ക്രിസ്ത്യാനികളും അതെഴുതിയിട്ടുണ്ട്. ഈയവസരത്തിൽ ചില സംഭവങ്ങൾ ഞാൻ നിങ്ങളുടെ മുമ്പിൽ വെക്കാൻ ആഗ്രഹിക്കുകയാണ്. അവ നബി ﷺ യുടെ ഉൽകൃഷ്ട സ്വഭാവഗുണങ്ങളിലെ പൊറുത്തുകൊടുക്കുക എന്ന ഗുണത്തിലേക്ക് വെളിച്ചം വീശുന്നവയാണ്.

ആദ്യമായി ഞാൻ അബ്ദുല്ലാബിൻ ഉബയ്യ് ബിൻ സുലൂലിന്റെ സംഭവങ്ങളാണ് എടുക്കുന്നത്. മുനാഫിഖീങ്ങളുടെ തലവനായിരുന്ന ആ വ്യക്തി പ്രത്യക്ഷത്തിൽ നബി ﷺ യുടെ അനുസരണത്തിൽ പ്രവേശിച്ചിരുന്നുവെങ്കിലും നബി ﷺ ക്ക് മേൽ മോശമായ രീതിയിൽ അക്രമം നടത്താൻ അവസരം ലഭിക്കുമ്പോൾ അത് പാഴാക്കിയിരുന്നില്ല. മദീനയിൽ താമസിക്കുമ്പോൾ ഇത്തരം സംഭവങ്ങൾ തുടർച്ചയായി നടക്കുമായിരുന്നു. അയാളുടെ ശത്രുതക്കുള്ള കാരണം, നബി ﷺ യുടെ മദീനയിലേക്കുള്ള ഹിജ്റത്തിന് മുമ്പ് മദീനക്കാർ ഈ വ്യക്തിയെ തങ്ങളുടെ നേതാവാക്കാനായി ആലോചിക്കുകയായിരുന്നു. എന്നാൽ നബി ﷺ മദീനയിൽ എത്തിയ ശേഷം അങ്ങയെ എല്ലാ ഗോത്രങ്ങളിൽ നിന്നും മതവിഭാഗങ്ങളിൽ നിന്നുമുള്ളവർ ഒരു ഭരണാധികാരിയായി നിശ്ചയിച്ചപ്പോൾ ഈ വ്യക്തി നബി ﷺ യോട് പ്രത്യക്ഷമായല്ലെങ്കിലും ഹൃദയം കൊണ്ട് എതിർക്കാൻ തുടങ്ങി. ആ എതിർപ്പും വിദ്വേഷവും വെറുപ്പുമെല്ലാം കൂടുതൽ രൂക്ഷമായി. നബി ﷺ മദീനയിലേക്ക് പോയതിന് ശേഷം ബദർ യുദ്ധത്തിന് മുമ്പുള്ള ഒരു സംഭവം നിവേദനത്തിൽ കാണാം. ഇതിൽ നിന്ന് അബ്ദുല്ലാബിൻ ഉബയ്യിബിൻ സുലൂലുന്റെ ഹൃദയത്തിലെ വെറുപ്പിനും വിദ്വേഷത്തിനും പകരമായി നബി ﷺ യുടെ ക്ഷമ വളരെ പ്രകടമായിരുന്നു.യഥാർത്ഥത്തിൽ പൊറുത്തുകൊടുക്കുക എന്ന ഈ ഉൽകൃഷ്ട സ്വഭാവഗുണം കൂടുതൽ തിളങ്ങുന്നതായി കാണാൻ കഴിയും. ശേഷമുള്ള സംഭവങ്ങളിൽ നിന്നും അങ്ങയുടെ പ്രതിപ്രവർത്തനങ്ങളിൽ നിന്നും അത് പ്രകടമായി കാണാവുന്നതാണ്.

നിവേദനത്തിൽ വരുന്നു. ഇമാം സുഹ്‌രി നിവേദനം ചെയ്യുന്നു. ഉർവ ബിൻ സുബൈർ എന്നോട് പറഞ്ഞു. ഉസാമാബിൻ സൈദ് رضي الله عنه എന്നോട് പറഞ്ഞു. നബി ﷺ പുതപ്പ് പുതച്ച്കൊണ്ട് ഫിദ് എന്ന സ്ഥലത്തേക്ക് ഒട്ടകപ്പുറത്ത് യാത്രയായി പിന്നിൽ ഉസാമാബിൻ സൈദിനെ ഇരുത്തുകയും ചെയ്തു. സഅദ്ബിൻ ഉസാദ رضي الله عنه യെ സന്ദർശിക്കാനായി ബനൂഹാരിസ് ഖസ്‌റജിലേക്ക് ബദർ സംഭവത്തിന് മുമ്പായി പോകുകയായിരുന്നു, ഒരു സദസ്സന് മുമ്പിലൂടെ കടന്ന് പോയപ്പോൾ അവിടെ അബ്ദുല്ലാബിൻ ഉബയ്യിബിന് സുലൂൽ ഇരിക്കുന്നുണ്ടായിരുന്നു. അപ്പോൾ ഇയാൾ ഇസ്‌ലാം മതം സ്വീകരിച്ചിരുന്നില്ല. നബി ﷺ അവിടെ കണ്ടത്, മുസ്‌ലിംകളും വിഗ്രഹാരാധകളും, യഹൂദികളുമെല്ലാം ആ സദസ്സിൽ ഇരിക്കുന്നുണ്ട്. ഇതേ സദസ്സിൽ അബ്ദുല്ലാബിൻ റവാഹയും ഇരിക്കുന്നുണ്ട്. ഈ സദസ്സിലേക്ക് കഴുതയുടെ കാലുകൾ പതിഞ്ഞപ്പോഴുള്ള പൊടിപടലങ്ങൾ കാരണം ഉബയ്യിബിനു സുലൂൽ തന്റെ മൂക്ക് പൊത്തുകയും തങ്ങളുടെ മേൽ മണ്ണിടരുത് എന്ന് പറയുകയും ചെയ്തു. നബി ﷺ അവിടെയുണ്ടായിരുന്ന എല്ലാവർക്കും സലാം പറഞ്ഞു. പിന്നീട് തന്റെ സവാരിയിൽ നിന്നിറങ്ങി അവർക്ക് തബ്‌ലീഗ് ചെയ്യുകയും ചെയ്തു. അവരെ ഖുർആൻ ഓതിക്കേൾപ്പിച്ചു. അബ്ദുല്ലാബിൻ ഉബയ്യിബ്ൻ സുലൂൽ പറഞ്ഞു. ''അല്ലയോ സുഹൃത്തേ, നീ പറയുന്ന വാക്കുകൾ അത്ര നല്ലതൊന്നുമല്ല. ഇത് സത്യമാണെങ്കിൽ തന്നെ ഞങ്ങളുടെ ഈ സദസ്സിൽ കേൾപ്പിച്ച് ഞങ്ങളെ ബുദ്ധിമുട്ടിക്കാതിരിക്കുക. നീ നിന്റെ വീട്ടിൽ പോവുകയും അവിടെ വരുന്നവർക്ക് ഖുർആൻ കേൾപ്പിക്കുകയും ചെയ്യുക.'' അബ്ദുല്ലാബിൻ ഉബയ്യിബിൻ സുലൂലിന്റെ ഈ വാക്കുകൾ കേട്ടപ്പോൾ ഹദ്‌റത്ത് അബ്ദുല്ലാബിൻ റവാഹാ رضي الله عنه പറഞ്ഞു. ''യാ റസൂലുല്ലാഹ്, അങ്ങ് തീർച്ചയായും ഞങ്ങളുടെ സദസ്സിൽ വന്ന് ഖുർആൻ കേൾപ്പിക്കുക.'' ഖുർആൻ പാരായണം കേൾക്കാൻ ഞങ്ങൾ ഇഷ്ടപ്പെടുന്നു. ഇത് കേട്ട മാത്രയിൽ തന്നെ മുസ്‌ലിംകളും മുശ്‌രിഖീങ്ങളും യഹൂദികളും എഴുന്നേറ്റ് നിന്ന്കൊണ്ട് സംസാരിക്കാൻ തുടങ്ങി. അവർ പരസ്പരം കഴുത്തിന് പിടിക്കും എന്ന് വരെ തോന്നിപ്പോയി. നബി ﷺ അവരെ തുടർച്ചയായി നിശബ്ദരാക്കാൻ ശ്രമിക്കുകയും അവർ നിശബ്ദരായതിന് ശേഷം തന്റെ സവാരിയിൽ സഅദ്ബിൻ ഉബാദയുടെ അടുത്തെത്തുകയും ചെയ്തു. അബ്ദുല്ലാബിൻ ഉബയ്യിബ്ൻ സലൂൽ പറഞ്ഞ ചില കാര്യങ്ങൾ സഅദ്ബിൻ ഉബാദയോട് പറഞ്ഞു. സഅദ്ബിൻ ഉബാദ് പറഞ്ഞു. ''ആ വ്യക്തിക്ക് പൊറുത്തു കൊടുക്കുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യുക. അങ്ങയ്ക്ക് മേൽ ഖുർആനെന്ന മഹത്തായ ഗ്രന്ഥം ഇറക്കിയ അല്ലാഹുവാണെ സത്യം, അങ്ങയ്ക്ക് ഇറങ്ങിയിരിക്കുന്ന കാര്യങ്ങൾ സത്യമായി പുലർന്നിരിക്കുന്നു. ഈ സ്ഥലവാസികൾ അബ്ദുല്ലാബിൻ ഉബയ്യിബിന് സലൂലിനെ കിരീടധാരിയാക്കി രാജാവാക്കാനും അയാളുടെ കരങ്ങൾക്ക് ശക്തി പകരാനും ആഗ്രഹിച്ചിരുന്നു. പിന്നീട് അല്ലാഹു അവരുടെ തീരുമാനത്തിൽ നിന്ന് അങ്ങയിലൂടെ സത്യം വെളിപ്പെടുത്തിയപ്പോൾ അവർ ആ വ്യക്തിയെ നിരാകരിക്കുകയും ചെയ്തപ്പോൾ അത് ആ വ്യക്തിക്ക് വളരെ വിഷമമുണ്ടാക്കി. അതുകൊണ്ടാണ് ആ വ്യക്തി അങ്ങയോട് ഇപ്രകാരം പ്രവർത്തിച്ചിരിക്കുന്നത്.'' നബി ﷺ ആ വ്യക്തിക്ക് പൊറുത്തുകൊടുക്കുകയുണ്ടായി. അത് സഅദ്ബിൻ ഉബാദ പറഞ്ഞത്കൊണ്ടല്ല അപ്രകാരം ചെയ്തത്. എന്നോടയാൾ ഇപ്രകാരം വർത്തിച്ചിരിക്കുന്നു. എന്നാൽ ഞാൻ എപ്പോഴും പൊറുത്തുകൊടുക്കുന്നതായിരിക്കും.

നബി ﷺ യും തിരു സ്വഹാബത്തും മുശ്‌രിഖീങ്ങളോടും ഗ്രന്ഥാനുസാരികളോടും വിട്ട്‌വീഴ്ചയോടെ പെരുമാറുമായിരുന്നു. എപ്രകാരമാണോ അല്ലാഹു കൽപിച്ചിരുന്നത് അപ്രകാരം അവർ പ്രവർത്തിച്ച് പോന്നു. അവരിൽ നിന്ന് ഏൽക്കേണ്ടി വന്ന പീഢനങ്ങളിൽ ക്ഷമ കൈക്കൊള്ളുമായിരുന്നു. എന്നാൽ കുറച്ച് വർഷങ്ങൾക്ക് ശേഷം അബ്ദുല്ലാഹ്ബിൻ ഉബയ്യിബിൻ സുലൂൽ പ്രത്യക്ഷത്തിൽ മുസ്‌ലിമായപ്പോഴും തന്റെ കാപട്യം നിറഞ്ഞ കുതന്ത്രങ്ങളിലൂടെ നബി ﷺ യെ വിഷമിപ്പിക്കാൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരുന്നു.

ഒരു നിവേദനത്തിൽ ഇപ്രകാരം വരുന്നു. ജാബിർ ബിൻ അബ്ദുല്ലാ رضي الله عنه നിവേദനം ചെയ്യുന്നു. ഒരിക്കൽ അവർ ഒരു യുദ്ധത്തിനായി പുറപ്പെട്ടതായിരുന്നു. അപ്പോൾ മുഹാജിരീങ്ങളിൽ നിന്ന് ഒരാൾ ഒരു അൻസാരിയുടെ പുറത്തടിച്ചു. ആ അൻസാരി ഉച്ചത്തിൽ ഇപ്രകാരം പറഞ്ഞു. ''അല്ലയോ അൻസാരീങ്ങളെ എന്നെ സഹായിക്കാനായി വരിക.'' പ്രശ്നം വഷളാകുമെന്നറിഞ്ഞ മുഹാജിറും ഉച്ചത്തിൽ പറഞ്ഞു. ''അല്ലയോ മുഹാജിറുകളേ എന്നെ സഹായിക്കാനായി വരിക.'' നബി ﷺ ഈ ശബ്ദം കേട്ടു ചോദിച്ചു. ജാഹിലിയ്യാ കാലഘട്ടത്തിലേത്പോലെ എന്താണ് ഉച്ചത്തിൽ വിളിച്ച് പറയുന്നത്. അപ്പോൾ നബി ﷺ യോട് ആരോ പറഞ്ഞു. ''യാറലൂലുല്ലാഹ് ഒരു മുഹാജിർ ഒരു അൻസാരിയുടെ പുറത്തടിച്ചു.'' നബി ﷺ പറഞ്ഞു.''ഇത്തരം പ്രവൃത്തികൾ ഉപേക്ഷിക്കുക. അത് നല്ല കാര്യമല്ല.'' ഇവർ തമ്മിൽ വെള്ളം കുടിക്കുന്നതുമായി ബന്ധപ്പെട്ടാണ് പ്രശ്നമുണ്ടായത്. ഞാനാദ്യം കുടിക്കും എന്ന് പറഞ്ഞു. പിന്നീട് ഇത് മുനാഫിഖീങ്ങളുടെ നേതാവ് അബ്ദുല്ലാഹ്ബിൻ ഉബയ്യിബ്നു സുലൂൽ കേൾക്കാനിടയായി. പറഞ്ഞു.''അല്ലാഹുവാണ് സത്യം. നാം മദീനയിൽ തിരിച്ചു വരുമ്പോൾ മദീനയിലെ ഉന്നതനായ വ്യക്തി ഇവിടത്തെ അപമാനിതനായ വ്യക്തിയെ പുറത്താക്കുന്നതായിരിക്കും.'' نَعُوْذُ بِاللهِ

അബ്ദുല്ലാഹിബ്നു ഉബയ്യി ന്റെ ഈ സംസാരം നബി ﷺ കേട്ടറിഞ്ഞു. ഇത് കേട്ട ഉമർ رضي الله عنه പറഞ്ഞു. ''യാ റസൂലുല്ലാഹ് എനിക്ക് അനുവാദം നൽകുക. ഞാൻ ഈ മുനാഫിഖിന്റെ തല കൊയ്തെടുക്കുന്നതാണ്.'' ഹദ്‌റത്ത് ഉമറിന്റെ സംസാരം കേട്ട് നബി ﷺ പറഞ്ഞു. ''ആ വ്യക്തിയോട് വിട്ടുവീഴ്ച ചെയ്യുക. മുഹമ്മദ് ﷺ തന്റെ അനുയായികളെയും കൊലപ്പെടുത്തുന്നു എന്ന് പറയാൻ ഇടവരുത്തരുത്.'' ഇത്രയേറെ ദുഷ്പ്രവർത്തനങ്ങൾ ചെയ്തിട്ടും നബി ﷺ തന്റെ അനുയായി എന്നാണ് പറഞ്ഞത്. പ്രത്യക്ഷത്തിൽ മുസ്‌ലിം ആയിരുന്നു.

നിവേദനങ്ങളിൽ ഇപ്രകാരവും കാണാം. അങ്ങ് അബ്ദുല്ലാഹിബ്നു സുലൂലിനെയും സുഹൃത്തുക്കളെയും വിളിച്ച് വരുത്തിക്കൊണ്ട് ചോദിച്ചു. വളരെയേറെ പ്രചരിച്ചിരിക്കുന്നു എന്താണ് പ്രശ്നം. ആരും ഒന്നും പറഞ്ഞില്ല. ചില അൻസാരികളും പറഞ്ഞത് ഒരു പക്ഷെ കുട്ടിയായിരുന്ന സൈദിന് മുമ്പിലാണ് സംഭവം നടന്നത്. തെറ്റിദ്ധരിച്ചിരിക്കാം. നബി ﷺ അവരോട് മറ്റൊന്നും ചോദിച്ചില്ല. എന്നാൽ അല്ലാഹു വെളിപാടിലൂടെ അത് അങ്ങയെ അറിയിച്ചു. ഈ സംഭവം സത്യം തന്നെയാണ്. അങ്ങനെ അക്കാലത്തുള്ള എല്ലാവർക്കും അത് സത്യമാണെന്ന് മനസ്സിലായി.

വിശുദ്ധ ഖുർആനിൽ അതിനെ പറ്റി ഇപ്രകാരം വരുന്നു.

يَقُوْلُوْنَ لَئِنْ رَّجَعْنَآ اِلَى الْمَدِيْنَةِ لَيُخْرِجَنَّ الْاَعَزُّ مِنْهَا الْاَذَلَّ

وَلِلّٰهِ الْعِزَّةُ وَلِرَسُوْلِهٖ وَلِلْمُؤْمِنِيْنَ وَلٰكِنَّ الْمُنٰفِقِيْنَ لَا يَعْلَمُوْنَ ۝

ഞങ്ങൾ മദീനയിലേക്ക് തിരിച്ച്‌വരുമ്പോൾ ഏറ്റവും ബഹുമാന്യനായ ഒരാൾ ഏറ്റവും നിന്ദ്യനായ ഒരു വ്യക്തിയെ അവിടെ നിന്ന് പുറത്താക്കുക തന്നെ ചെയ്യുമെന്ന് അവർ പറയുന്നു. എന്നാൽ എല്ലാ ബഹുമതിയും അല്ലാഹുവിനും അവന്റെ റസൂലിനും സത്യവിശ്വാസികൾക്കുമുള്ള തത്രെ. പക്ഷെ കപടവിശ്വാസികൾ അതറിയുന്നില്ല.

ഈ വെളിപാടിന് ശേഷം നബി ﷺ യെക്കാളേറെ മറ്റാർക്കാണ് അബ്ദുല്ലാബിൻ ഉബയ്യിബിൻ സുലൂൽ വ്യാജനും മുനാഫിഖുമാണെന്ന് അറിയുക. അങ്ങയുടെ സൂക്ഷ്മ ബുദ്ധി കാരണം ഇത് ആദ്യമേ അറിയുമായിരുന്നു. ഈ വ്യക്തി മുനാഫിഖാണെന്ന് അറിഞ്ഞെങ്കിലും ഒന്നും ചെയ്തില്ല. മദീന എത്തുന്നതിന് മുമ്പ് അബ്ദുല്ലാഹ് യുടെ മകൻ,

പരിശുദ്ധനായ മുസ്‌ലിം യുവാവായിരുന്നു. അങ്ങയോട് പറഞ്ഞു. ''ഞാനിങ്ങനെ കേട്ടിരിക്കുന്നു. ആ വ്യക്തിയെ കൊല ചെയ്യണം എന്നാ ഗ്രഹിക്കുന്നുവെങ്കിൽ എന്നോട് കൽപിക്കുക. ഞാനെന്റെ പിതാവിന്റെ തല വെട്ടുന്നതാണ് എന്നാൽ മറ്റാരെങ്കിലും കൊല ചെയ്താലൊ ശിക്ഷി ച്ചാലൊ ജാഹിലിയ്യാ കാലഘട്ടത്തിലേത് പോലെ എന്റെ ഞരമ്പുകൾ ഉണ രുകയും എന്റെ പിതാവിനെ കൊന്നയാളെ ഞാൻകൊലപ്പെടുത്തുകയും ചെയ്തേക്കാം.'' നബി ﷺ പറഞ്ഞു.''ഒരു പ്രശ്നവുമില്ല. ഞാൻ ഒരു വിധ ത്തിലുള്ള ശിക്ഷ നൽകാനും ആഗ്രഹിക്കുന്നില്ല. പിതാവിനോട് ഞാൻ ലളിതമായും കാരുണ്യത്തോടും പെരുമാറുന്നതായിരിക്കും. ശിക്ഷിക്കു കയില്ലെന്ന് മാത്രമല്ല ലളിതമായ രീതിയിൽ പെരുമാറുന്നതായിരിക്കും.''

പിന്നീട് ഇതേ യാത്രയിൽ ഹദ്റത്ത് ആയിശ رضي الله عنها അറിയാതെ പിന്നിലാ യിപ്പോവുകയും യാത്രാ സംഘം അവിടെ നിന്ന് പുറപ്പെടുകയും ചെയ്തു. യാത്രാ സംഘം പുറപ്പെട്ടതിന് ശേഷം ഒരു സഹാബി മൈതാ നത്തിൽ ഇനിയെന്തെങ്കിലും എടുക്കാൻ വിട്ട് പോയോ എന്ന് നോക്കു ന്നതിനിടയിൽ ഹദ്റത്ത ആയിശ رضي الله عنها കാണുകയും ഇന്നാലില്ലാഹ് എന്ന് പറയുകയും ചെയ്തു. ആയിശ رضي الله عنها ഉറങ്ങുകയായിരുന്നു. കണ്ണ് തുറന്ന ഉടനെ പുതപ്പ്കൊണ്ട് പുതച്ചു. സഹാബി തന്റെ ഒട്ടകത്തെ അവരുടെ അടുത്തേക്ക് കൊണ്ടുവന്നു. ആയിശ رضي الله عنها യെ അതിലുരിത്തി. പുറ പ്പെട്ട സംഘവുമായി കണ്ട് മുട്ടിയപ്പോൾ ഇതേ മുനാഫിഖുകൾ തന്നെ പലവിധത്തിലുള്ള കുപ്രചാരണങ്ങളും നടത്താൻ തുടങ്ങി. ആയിശ യ്ക്ക് മേൽ പല തെറ്റായ ആരോപണങ്ങളുമുണ്ടായി. نَعُوْذُ بِاللهِ ഇക്കാ ര്യങ്ങൾ കേട്ട് നബി ﷺ വളരെ ദുഃഖിതനായിരുന്നു. ആയിശ رضي الله عنها യെ ആക്ഷേപമുന്നയിക്കുക എന്നത് നബി ﷺ ക്ക് വളരെ നഷ്ടമുണ്ടാക്കാ നുള്ള ശ്രമമായിരുന്നു.

ഈ സംഭവം കഴിഞ്ഞ് മദീനയിലെത്തിയ ശേഷം ഒരു ദിവസം നബി ﷺ പള്ളിയിൽ വന്ന് പ്രസംഗത്തിലൂടെ പറഞ്ഞു. ഒരു വരി ഇപ്രകാരമാണ്. ''എനിക്ക് എന്റെ കുടുംബത്തിന്റെ കാര്യത്തിൽ വളരെ ദുഃഖമേൽപ്പിച്ചി രിക്കുന്നു.'' എന്നാൽ നബി ﷺ മുനാഫിഖീങ്ങളുടെ എല്ലാ പീഢനങ്ങ ളെയും സഹിച്ചു. ആക്ഷേപമുന്നയിച്ചവർക്ക് ഉടനെ ശിക്ഷ നൽകിയില്ല. അല്ലാഹുവിൽ നിന്ന് ഹദ്റത്ത് ആയിശ ﷺ യുടെ പരിശുദ്ധതയെക്കു റിച്ച് വെളിപാടിറങ്ങിയപ്പോഴും അവർക്ക് ശിക്ഷ നൽകിയില്ല. അവർ ആക്ഷേപിക്കുകയാണെന്ന് അങ്ങേക്കറിയാമായിരുന്നു. അവർക്ക് പൊറു ത്തുകൊടുത്തു. നിവേദനങ്ങളിൽ വരുന്നു. അബ്ദുല്ലാഹ്ബിൻ ഉബയ്യ വഫാത്തായപ്പോൾ, മകൻ പരിശുദ്ധനായ യുവാവായിരുന്നുവെന്ന് ഞാൻ പറഞ്ഞു. നബി ﷺ സന്നിധിയിൽ വന്ന്കൊണ്ട് പറഞ്ഞു. അങ്ങ് അങ്ങ യുടെ ജുബ്ബ എനിക്ക് നൽകിയാലും, ഈ ജുബ്ബ ധരിപ്പിച്ച് ഞാനെന്റെ പിതാവിനെ കബറടക്കുന്നതാണ്. നബി ﷺ അപ്രകാരം ചെയ്തു. അങ്ങ യുടെ സഹതാപത്തിന്റെയും പൊറുത്ത് കൊടുക്കലിന്റെയും അവസ്ഥ എപ്രകാരമായിരുന്നുവെന്നാൽ അങ്ങ് ആ വ്യക്തിയുടെ ജനാസ നമസ്ക്ക രിക്കാനായി എത്തുകയും നമസ്ക്കരിക്കുകയും ചെയ്തു. ഖബറിൽ പോയി ദുആ ചെയ്തു. ഹദ്റത്ത് ഉമർ رضي الله عنه പറഞ്ഞു. ''അങ്ങേക്ക് എല്ലാ കാര്യങ്ങളും നന്നായിട്ടറിയാം. ഇയാൾ മുനാഫിഖാണ്. മുനാഫിഖിനെപ്പറ്റി അല്ലാഹു പറയുന്നത് നീ 70 പ്രാവശ്യം അവരുടെ പാപമോചനത്തിനായി പ്രാർത്ഥിച്ചാലും അവരുടെ പാപം പൊറുക്കപ്പെടുകയില്ല.'' നബി ﷺ പറ ഞ്ഞു. ''അല്ലാഹു ഇതിൽ ഒരു കാര്യം അനുവദിച്ചിരിക്കുന്നു. അത്കൊണ്ട് ഞാൻ 70 ൽ അധികം പ്രാവശ്യം പാപമോചനത്തിനായി പ്രാർത്ഥിക്കുന്ന താണ്. കുറെ പ്രാവശ്യം ഞാൻ ദുആ ചെയ്യുന്നതാണ്. അധികം ചെയ്യേ ണ്ടിവന്നാൽ അതിനും ഞാൻ തയ്യാറാണ്.'' ഇതായിരുന്നു അങ്ങയുടെ മാതൃക. ആ മുനാഫിഖീങ്ങളോടും ഇപ്രകാരം തന്നെയാണ് പെരുമാറി യത്. ഇത് മുനാഫിഖീങ്ങളുടെ തലവന് പൊറുത്തുകൊടുത്ത ഭാഗമാ ണ്. മറ്റു ചില ഉദാഹരണങ്ങൾകൂടി നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്.

ഉദാഹരണത്തിന്, ശിക്ഷണം തീരെ ലഭിക്കാത്ത ചില കാട്ടറബികളുടെ സ്വഭാവത്തെക്കുറിച്ചാണ്. അന്തസ്സിന് നിരക്കാത്ത കാര്യങ്ങളാണ് അവർ ചെയ്ത്പോന്നത്. അവർ നബി ﷺ യുടെ സ്ഥാനത്തെക്കുറിച്ച് മനസ്സി ലാക്കിയിരുന്നില്ല. അവർക്ക് അങ്ങ് എങ്ങനെയാണ് പൊറുത്തുകൊടു ത്തത്. ഇതുമായി ബന്ധപ്പെട്ട ഒരു നിവേദനത്തിൽ വരുന്നു.

ഹദ്റത്ത് അനസ് رضي الله عنه നിവേദനം ചെയ്യുന്നു. ഞാൻ നബി ﷺ യുടെ കൂടെയായിരുന്നു. അങ്ങ് കനമുള്ള ഒരു പുതപ്പ് പുതച്ചിരുന്നു. ഒരു കാട്ടറബി അങ്ങയുടെ പുതപ്പ് ശക്തിയായി വലിക്കുകയും പുതപ്പിന്റെ അഗ്രഭാഗം കഴുത്തിലുരഞ്ഞ് പാടുകൾ ഉണ്ടായി. പറഞ്ഞു.''അല്ലയോ മുഹമ്മദ് ﷺ അല്ലാഹു താങ്കൾക്ക് നൽകിയ ധനത്തിൽ നിന്ന് എനിക്ക് രണ്ട് ഒട്ടകങ്ങളെ നൽകിയാലും. താങ്കൾ എനിക്ക് സ്വന്തം ധനം നൽകേ ണ്ടതില്ല.'' അയാളുടെ മുറിവേൽപ്പിക്കുന്ന വാക്കുകൾ കേട്ട് നബി ﷺ ആദ്യം നിശബ്ദനായി. എന്നിട്ട് പറഞ്ഞു.''ധനം അല്ലാഹുവിന്റേതാണ്. ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു.'' നബി ﷺ പിന്നീട് പറഞ്ഞു. ''നീ എന്നെ വിഷമിപ്പിച്ചതുകൊണ്ട് നിന്നോട് പകരം വീട്ടുന്നതായിരി ക്കും.'' കാട്ടറബി പറഞ്ഞു. ''എന്നോട് പകരം ചോദിക്കപ്പെടുന്നതല്ല.'' നബി ﷺ ചോദിച്ചു. ''എന്തുകൊണ്ട് പകരം ചോദിക്കപ്പെടുകയില്ല.'' കാട്ടറബി പറഞ്ഞു. ''തിന്മക്ക പകരം താങ്കൾ തിന്മ പകരം ചോദിക്കാറി ല്ല.'' ഇത് പറഞ്ഞയുടനെ നബി ﷺ പുഞ്ചിരിച്ചു. ഈ മൃദുലമായതും പൊറുത്തുകൊടുക്കുന്നതുമായ ഗുണംകൊണ്ടാണ് ഇവരും ആഗ്രഹിച്ച ത്പോലെ ചെയ്യാൻ ധൈര്യം കാണിച്ചത്. പിന്നീട് നബി ﷺ നിർദ്ദേശിച്ചു. അയാൾ ചോദിച്ചത് പോലെ ഒരു ഒട്ടകപ്പുറത്ത് ധാന്യങ്ങളും മറ്റേ ഒട്ടകപ്പു റത്ത് കാരക്കയും നിറക്കുക. അത് അയാൾക്ക് നൽകുകയും ചെയ്യുക.

പിന്നീട് ഇസ്‌ലാമിന്റെ എതിരാളികൾക്ക് എങ്ങനെയാണ് അങ്ങ് പൊറു ത്ത്കൊടുത്തത്. അതുമായി ബന്ധപ്പെട്ട ചില ഉദാഹരണങ്ങൾ പറയു ന്നതാണ്.

ഹദ്റത്ത് അനസ് ﷺ നിവേദനം ചെയ്യുന്നു. മക്കയിലെ ഖുറൈശിക ളിൽപ്പെട്ട 80 പേർ നബി ﷺ യുടെയും സഹാബികളുടെയും മേൽ സുബഹി നമസ്ക്കാര സമയത്ത് അവിചാരിതമായി തൻഇം മലയിൽ നിന്ന് അക്രമിക്കാൻ തുടങ്ങി. നബി ﷺ യെ വധിക്കാനാണ് അവർ പദ്ധതിയി ട്ടിരുന്നത്. എന്നാൽ അവർ പിടിക്കപ്പെടുകയാണുണ്ടായത്. ശേഷം തിരു നബി ﷺ അവർക്ക് മാപ്പ് നൽകിക്കൊണ്ട് അവരെ വിട്ടയച്ചു.

ഇത്തരത്തിലുള്ള മാപ്പ് ചെയ്തുകൊടുക്കുന്ന ഏതെങ്കിലും ഉദാഹര ണങ്ങൾ ആർക്കെങ്കിലും കൊണ്ടുവരാൻ കഴിയുമോ? ഇവർ യുദ്ധക്കു റ്റവാളികളാണ്. എന്നാൽ കാരുണ്യവാരിധിയും പൊറുത്തുകൊടുക്കുന്ന വനുമായ അങ്ങ് അവർക്ക് മാപ്പ് കൊടുത്തു. നിങ്ങൾ പോകുക നിങ്ങൾക്ക് യാതൊരു ശിക്ഷയുമില്ല.

മറ്റൊരു രിവായത്തിൽ ഹശാം ബിൻ സൈദ്ബിൻ അനസ് നിവേദനം ചെയ്യുന്നു. ഞാൻ അനസ്ബിൻ മാലിക്കിൽ നിന്ന് ഇപ്രകാരം കേട്ടു. ഒരി ക്കൽ ഒരു യഹൂദി നബി ﷺ യുടെ സമീപത്ത്കൂടി കടന്ന്പോയി. അയാൾ **അസ്സലാമു അലൈക്കും** എന്ന് പറയുന്നതിന് പകരം **അസ്സാമു അലൈക്ക്** നിനക്ക് നാശമുണ്ടാവട്ടെ എന്ന് പറഞ്ഞു. നബി ﷺ സഹാ ബാക്കളോടായി പറഞ്ഞു. ''ഇയാൾ എന്താണ് പറഞ്ഞതെന്ന് നിങ്ങൾക്ക് മനസ്സിലായോ, അയാൾ അസ്സാമു അലൈകും എന്നാണ് പറഞ്ഞത്.'' സാഹാബാ യഹൂദിയുടെ പ്രവൃത്തി കണ്ട് നബി ﷺ യോട് ചോദിച്ചു. ''ഞങ്ങൾ അയാളെ കൊല ചെയ്യട്ടെ.'' നബി ﷺ പറഞ്ഞു. ''അല്ല. അയാളെ കൊല്ലരുത്.'' അവർക്ക് നൽകിയ ഒരു പാഠം, സഹതാപം സ്വന്തം ആളുകളോട് മാത്രമല്ല അന്യരോടും കാണിക്കേണ്ടിയിരിക്കുന്നു എന്നാണ്. എന്നോട് അനീതി കാണിക്കുന്നവരോടും സഹതാപം കാണി ക്കുക. ശിക്ഷ നൽകാൻ നിർബന്ധിതമാകുന്നത് പരിധികൾ

നിശ്ചയിക്കപ്പെടുമ്പോഴാണ്. ഏത് വിഭാഗത്തിനാണോ ശിക്ഷയുണ്ടെന്ന് അല്ലാഹു അറിയിച്ചിരിക്കുന്നത്.

അങ്ങേക്കും ചില സഹാബാക്കൾക്കും ഒരു യഹൂദ സ്ത്രീ ഇറച്ചിയിൽ വിഷം കലർത്തി നൽകാനായി ശ്രമിച്ചു. ഈ വലിയ കുറ്റം ചെയ്ത തിന്പുറമെ ആ സ്ത്രീക്ക് മാപ്പ് കൊടുത്തു. സഹാബാക്കൾക്ക് ദേഷ്യമുണ്ടായിരുന്നു. സ്ത്രീയെ വധിക്കട്ടെയെന്ന് അവർ ചോദിക്കുകയും ചെയ്തു. അങ്ങ് പറഞ്ഞു. ഒരിക്കലും അങ്ങനെ ചെയ്യരുത്.

നീഗ്രോയുടെ ഒരു ദീർഘമായ നിവേദനമുണ്ട്. ''ഉഹദ് യുദ്ധത്തിൽ ഹദ്റത്ത് ഹംസ ﷺ നെ ശഹീദാക്കിയതിന് ശേഷം ഞാൻ മക്കയിൽ തിരിച്ചെത്തി. (ഈ നീഗ്രോയാണ് ഹംസ ﷺ നെ ശഹീദാക്കിയത്.) തന്റെ ഇനിയുള്ള നാളുകൾ അവിടെ കഴിച്ചുകൂട്ടി. മക്കയിൽ എല്ലായിടത്തും ഇസ്‌ലാം വ്യാപിച്ചു. ഞാൻ അപ്പോൾ തായീഫിലേക്ക് പോയി. തായീഫിലെ ആളുകൾ നബി ﷺ യുടെ അടുത്തേക്ക് തങ്ങളുടെ സന്ദേശവാഹകരെ അയച്ചു. എന്നോട് പറഞ്ഞു. ''നബി ﷺ സന്ദേശവാഹകരോട് പ്രതികാരം ചെയ്യാറില്ല.'' അങ്ങനെ ത്വായീഫിൽ നിന്നുള്ള സന്ദേശവാഹകരോടൊപ്പം പുറപ്പെട്ടു. ഞാൻ നബി ﷺ യുടെ സന്നിധിയിൽ ഹാജരായി. നബി ﷺ എന്നെ കണ്ടപ്പോൾ ചോദിച്ചു. ''നീ നീഗ്രോയാണോ.'' ഞാൻ പറഞ്ഞു. ''അതെ'' നബി ﷺ പറഞ്ഞു. ''നീയാണോ ഹംസയെ കൊലപ്പെടുത്തിയത്.'' നീഗ്രോ പറഞ്ഞു. ''താങ്കൾ കേട്ടത് ശരിയാണ്.'' നബി ﷺ എന്റെ തെറ്റുകൾ പൊറുത്തുകൊണ്ട് എന്നോട് പറഞ്ഞു. ''നിനക്കിത് സാദ്ധ്യമാണോ, അതായത് ഇനി നീ എന്റെ മുമ്പിൽ വരരുത്.'' നീഗ്രോ പറയുന്നു. ''നബി ﷺ യുടെ ഈ നിർദ്ദേശത്തിന് ശേഷം ഞാൻ മദീനയിൽ നിന്ന് തിരിച്ച് പോന്നു.'' നബി ﷺ പൊറുക്കലിന്റെ അങ്ങേയറ്റം ഇതിൽ നിന്ന് മനസ്സിലാക്കാം. നബി ﷺ നീഗ്രോയോട് ഹംസ ﷺ യുടെ ശഹാദത്തിനെ സംബന്ധിച്ച് എപ്രകാരമാണ് ശഹീദാക്കിയത് പിന്നീട് എന്താണ് ചെയ്തത് എന്നൊക്കെ കൂടുതലായി ചോദിച്ചവേളയിൽ സഹാബാക്കൾ പറയുന്നു. ''അങ്ങയുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു.''പിതൃസഹോദരന്റെ സ്മരണകൾ കാരണമായിരിക്കാം കണ്ണുനീർ പ്രവഹിച്ചത്. ആ പിതൃസഹോദരൻ അബൂജഹലിനെതിരായി നിൽക്കാൻ അങ്ങയോടൊപ്പമുണ്ടായിരുന്നു. അങ്ങയുടെ പക്ഷത്ത് തന്നെ നിലകൊണ്ടു. എന്നാൽ ഹംസയുടെ കൊലയാളിയോട് അതിന് ശക്തിയുണ്ടായിട്ടും സഹതാപത്തോടും പൊറുത്തുകൊണ്ടും പ്രവർത്തിച്ചു. മക്കാ വിജയത്തിന് ശേഷം അബൂജഹലിന്റെ മകൻ ഇക്ക്‌രിമയെ വധിക്കാനായി കൽപിച്ചിരുന്നു. അദ്ദേഹവും യുദ്ധ കുറ്റവാളിയായിരുന്നു. വധിക്കാനായി കൽപിക്കാൻ കാരണം, അദ്ദേഹവും പിതാവും നബി ﷺ യേയും മുസ്‌ലിംകളെയും പീഢിപ്പിക്കുന്ന കാര്യത്തിൽ വളരെ കാഠിന്യത്തോടെ പ്രവർത്തിച്ചവരായിരുന്നു. ഇക്ക്‌രിമക്ക് നബി ﷺ തന്നെ വധിക്കാനായി കൽപിച്ചിരിക്കുന്നു എന്ന വിവരം ലഭിച്ചപ്പോൾ യമന്റെ ഭാഗത്തേക്ക് ഓടി. പിന്നിൽ തന്നെ ഭാര്യയും ചെന്നു, പിതൃസഹോദരൻ ഹാരിസ്ബിൻ ഹിശാമിന്റെ മകളായിരുന്നു. ഇസ്‌ലാം സ്വീകരിച്ച ശേഷം പുറപ്പെട്ടു. തന്റെ ഭർത്താവ് കടൽക്കരയിൽ തോണി കാത്ത് നിൽക്കുന്നതായി കണ്ടു. തോണി വന്നാൽ പൊകാമെന്നാണ് കരുതിയിരുന്നത്. ഒരു നിവേദനത്തിൽ ഇപ്രകാരവും വരുന്നു. തോണിയിൽ സഞ്ചരിക്കുകയായിരുന്ന ഇക്ക്‌രിമയെ ഭാര്യ കാണുകയും കാര്യങ്ങൾ പറഞ്ഞ് തിരിച്ച് കൊണ്ട് വന്നു. ''എന്റെ പിതൃസഹോദരപുത്രാ, ഞാൻ ഏറ്റവും കൂടുതൽ ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുകയും നല്ല രീതിയിൽ പെരുമാറുകയും ജനങ്ങളിൽ വെച്ച് ഏറ്റവും നല്ലവനുമായ വ്യക്തിയുടെ അടുത്ത് നിന്നാണ് വന്നിരിക്കുന്നത്. അതായത് നബി ﷺ യുടെ അടുക്കൽ നിന്ന്, നീ സ്വയം നഷ്ടത്തിലകപ്പെടുത്താതിരിക്കുക. ഞാൻ നിനക്കായി അഭയസ്ഥാനം ചോദിച്ചിരിക്കുന്നു. അതുകൊണ്ട് തിരിച്ചുവരിക. നബി താങ്കൾക്ക് പൊറുത്ത് തരുന്നതാണ്. ഒന്നും പറയുകയില്ല.'' ഇക്ക്‌രിമ ഭാര്യയോടൊപ്പം തിരിച്ചുവന്നു. പറഞ്ഞു. ''അല്ലയോ മുഹമ്മദ് ﷺ എന്റെ ഭാര്യ എന്നോട് പറഞ്ഞത്, താങ്കൾ എനിക്ക് അഭയം നൽകിയിരിക്കുന്നു എന്നാണ്.'' നബി ﷺ പറഞ്ഞു. ''അവൾ പറഞ്ഞത് ശരിയാണ്.'' അഭയം നൽകപ്പെടുകയും ചെയ്തു. ഇത് കേട്ടയുടനെ ഇക്ക്‌രിമ പറഞ്ഞു.

اَشْهَدُ اَنْ لَّااِلٰهَ اِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَاَشْهَدُ اَنَّكَ عَبْدُهُ وَرَسُوْلُهُ

പിന്നീട് ഇക്ക്‌രിമ ലജ്ജ കാരണം കല താഴ്ത്തി. നബി ﷺ പറഞ്ഞു. ''അല്ലയോ ഇക്ക്‌രിമ. എന്റെ കഴിവിൽപ്പെട്ട കാര്യങ്ങൾ നീ എന്നോട് ചോദിക്കുകയാണെങ്കിൽ ഞാൻ നിനക്ക് നൽകുന്നതാണ്.'' ഇക്ക്‌രിമ പറഞ്ഞു. ''ഞാൻ താങ്കളോട് ചെയ്ത എന്റെ എല്ലാ അതിക്രമങ്ങളും പൊറുത്ത് തന്നാലും.'' നബി ﷺ ഇപ്രകാരം ദുആ ചെയ്തു. ''അല്ലാഹുവേ ഇക്ക്‌രിമ എന്നോട് ചെയ്ത എല്ലാ അതിക്രമങ്ങളും പൊറുത്ത്കൊടുക്കേണമേ. ഇക്ക്‌രിമ എന്നെപ്പറ്റി പറഞ്ഞ എല്ലാ കാര്യങ്ങളും പൊറുക്കേണമേ.'' ഇത്തരം പൊറുക്കലിന് എവിടെയെങ്കിലും ഉദാഹരണമുണ്ടോ?

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَعَلٰى اٰلِ مُحَمَّدٍ وَبَارِكْ وَسَلِّمْ

ഫസാലാ ബിൻ ഉമേർ എന്ന വ്യക്തി മക്കാ വിജയവേളയിൽ ത്വവാഫ് ചെയ്യുകയായിരുന്ന നബി ﷺ യെ വധിക്കാനെന്ന ഉദ്ദേശത്തിൽ വന്നു. അയാളുടെ കുതന്ത്രത്തെപ്പറ്റി അല്ലാഹു അങ്ങയെ അറിയിച്ചു. അങ്ങ് അയാളെ വിളിച്ചു. അപ്പോൾ അയാൾ പരിഭ്രമിച്ചുപോയി. അയാളോട് ചോദിച്ചു. ''എന്തിനാണ് വന്നിരിക്കുന്നത്'' പിടിക്കപ്പെട്ടപ്പോൾ കളവ് പറയുമെന്നതിൽ സംശയമില്ലായിരുന്നു. പലതും പറയാൻ തുടങ്ങി. അങ്ങ് ചിരിച്ചു. എന്നിട്ട്സ്നേഹത്തോടെ അയാളെ തന്റെ അടുത്തേക്ക് വിളിച്ചു. എന്നിട്ട് ഏതെങ്കിലും ആയുധമുണ്ടാകും എന്ന യാതൊരു ഭയവുമില്ലാതെ അയാളുടെ നെഞ്ചിൽ അങ്ങയുടെ കൈവെച്ചു. ഫസാലാ പറയുന്നു.''അങ്ങ് തന്റെ കൈ എന്റെ നെഞ്ചിൽ വെച്ചപ്പോൾ എന്റെ എല്ലാ വെറുപ്പും ഇല്ലാതെയായി. ഏതൊരു വ്യക്തിയെ വധിക്കാനാണോ ഞാൻ പുറപ്പെട്ടത് അദ്ദേഹത്തിന്റെ സഹതാപം എന്റെ ഹൃദയത്തിൽ സ്നേഹത്തിന്റെ നദിയൊഴുക്കിയിരിക്കുന്നു.''ഇതായിരുന്നു എന്റെ യജമാനന്റെ ശത്രുക്കളോടുള്ള സമീപനം. കുറ്റവാളി പിടിക്കപ്പെടുന്നു. എന്നാൽ ശിക്ഷ നൽകുന്നതിന് പകരം സ്നേഹത്തിന്റെ അമ്പ് തറക്കുമ്പോൾ തന്റെ ജീവൻ അങ്ങേക്ക് വേണ്ടി ത്യജിക്കാൻ തയ്യാറാവുന്നു. ഇതിന് പകരം നൽകാൻ ആർക്കെങ്കിലും കഴിയുമോ? എന്നാൽ അല്ലാഹുവിന്റെ ഈ കൽപനയെ നാം എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. അതായത് മുഹമ്മദ് നബി ﷺ യിൽ നിങ്ങൾക്ക് ഉത്തമ മാതൃകയുണ്ട്. ഈ മാതൃകകൾക്കനുസരിച്ച് പ്രവർത്തിക്കുകയും അതിലേക്ക് ശ്രദ്ധിക്കുകയും ചെയ്യേണ്ടത് ഇന്നത്തെ മുസ്‌ലിംകളുടെയും കടമയാണ്. ഒരു പക്ഷെ ഇവർ കാര്യം മനസ്സിലാക്കിയിരുന്നെങ്കിൽ.

ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ആയിശ ﷺ നിവേദനം ചെയ്യുന്നു. നബി ﷺ ന് ഏതെല്ലാം കാര്യങ്ങളിൽ ഒന്ന് ചെയ്യാൻ അനുവാദം നൽകിയിരുന്നുവോ അതിൽ എളുപ്പമുള്ളതായിരുന്നു ചെയ്തിരുന്നത്. എന്നാൽ തിന്മയിലേക്ക് നയിക്കുന്നതാണെങ്കിൽ ചെയ്തിരുന്നില്ല. അത് ചെയ്താൽ തിന്മയാകുമായിരുന്നെങ്കിൽ അത്തരം കാര്യങ്ങളിൽ നിന്ന് ഏറ്റവും കൂടുതൽ അകന്ന് നിൽക്കുമായിരുന്നു.

നബി ﷺ തനിക്ക് വേണ്ടി ഒരിക്കൽ പോലും പ്രതികാരം ചെയ്തിട്ടില്ല. എന്നാൽ ഏതെങ്കിലും കാര്യത്തിൽ ആരെങ്കിലും അനുവദനീയമല്ലാത്ത രീതിയിൽ പ്രവർത്തിക്കുമ്പോൾ നബി ﷺ അല്ലാഹുവിന് വേണ്ടി അവർക്ക് ശിക്ഷ നൽകുമായിരുന്നു.

ഹദ്റത്ത് ഉമർ ﷺ നെപ്പറ്റി ഇപ്രകാരം നിവേദനം കാണാം. അദ്ദേഹം ഒരിക്കൽ സംസാരത്തിനിടയിൽ നബി ﷺ യോട് പറഞ്ഞു. യാറസൂലുല്ലാഹ്. എന്റെ മാതാപിതാക്കൾ അങ്ങേയ്ക്ക് മേൽ തെണ്ടമായിരിക്കട്ടെ. ഹദ്റത്ത് നൂഹ് ﷺ തന്റെ സമുദായത്തിനായി ശാപപ്രാർത്ഥന

ചെയ്തിരുന്നു. ഇപ്രകാരം ദുആ ചെയ്തു.

رَّبِّ لَا تَذَرۡ عَلَى الۡاَرۡضِ مِنَ الۡكٰفِرِيۡنَ دَيَّارًا ﴿۲۷﴾

അതായത് എന്റെ നാഥാ നിഷേധികളിൽ ആരേയും ഈ ഭൂമിയിൽ ഉപേക്ഷിക്കരുത്. യാ റസൂലുല്ലാഹ് അങ്ങ് നൂഹ് നബി عليه السلام നെ പോലെ ഞങ്ങൾക്ക് മേൽ ശാപപ്രാർത്ഥന നടത്തിയിരുന്നെങ്കിൽ ഞങ്ങളെല്ലാ വരും നശിച്ചൊടുങ്ങുമായിരുന്നു. അങ്ങയെ വളരെയധികം പീഢിപ്പിച്ചു. അങ്ങയുടെ മുഖം രക്തംകൊണ്ട് നിറച്ചു. അങ്ങയുടെ മുൻവശത്തെ പല്ലുകൾ പൊട്ടാനിടയായി. എന്നാൽ അങ്ങ് നല്ലത് മാത്രമാണ് പറഞ്ഞി രുന്നത്. അങ്ങ് ഇപ്രകാരമാണ് ദുആ ചെയ്തത്. ''എന്റെ അല്ലാഹുവേ എന്റെ സമുദായത്തിന് പൊറുത്ത് കൊടുക്കേണമേ. അവർ എന്താണ് ചെയ്യുന്നതെന്ന് അവർക്കറിയില്ല.'' ഹദ്റത്ത് മസീഹ് മൗഊദ് عليه السلام അരുൾ ചെയ്യുന്നു. ''നബിമാരിൽ ശ്രേഷ്ഠനായ നബി ﷺ മക്കയിലേയും മറ്റ് സ്ഥലങ്ങളിലേയും ജനങ്ങൾക്ക് മേൽ വിജയിച്ച്കൊണ്ട് അവർ തനിക്ക് വിധേയരാണെന്ന് കണ്ടിട്ടും അവരുടെ തെറ്റുകൾ പൊറുത്തുകൊടുത്തു. എന്നാൽ ഏകനായ അല്ലാഹു ശിക്ഷ നൽകാനായി പറഞ്ഞ ചില ആളു കൾക്ക് മാത്രമാണ് ശിക്ഷ നൽകിയത്. കൽപനകൾ ഉണ്ടായിരുന്നു. അത്തരം ശാപഗ്രസ്ഥരല്ലാതെ മറ്റെല്ലാവരുടെയും തെറ്റുകൾ പൊറുക്ക പ്പെട്ടു. വിജശ്രീലാളിതനായ ശേഷം എല്ലാവരോടും **ലാ തസ്രീബ അലൈ ക്കുമുൽയൗം** എന്ന് പറഞ്ഞു. ഇതേ പൊറുത്തുകൊടുക്കൽ എതിരാളി കളുടെ നിഷേധത്തിന് മുമ്പിൽ അസാദ്ധ്യമായിരുന്നു. തങ്ങളുടെ വൈകൃ തങ്ങളെ വീക്ഷിക്കുന്നവർ തങ്ങൾ ശത്രുവിന്റെ കൈകളിൽ അകപ്പെട്ടു വെന്ന് കരുതുകയും അത് തന്നെ വിവേകമെന്നും അവർ കരുതി. അപ്ര കാരം ആയിരക്കണക്കിന് നാടുകൾ ഒരുമിച്ച് ഇസ്ലാം സ്വീകരിക്കുക യുണ്ടായി.''

നബി ﷺ യുടെ പൊറുത്തു കൊടുക്കുക എന്ന സ്വഭാവഗുണം പ്രത്യ ക്ഷത്തിൽ എതിരാളികളുടെ കാഴ്ചപ്പാടിൽ വളരെ ദുഷ്ക്കരമായിരുന്നു. എങ്ങനെയാണ് പൊറുക്കുക. എന്നാൽ അങ്ങയുടെ ഈ സമീപനം കാരണം അവർ ഇസ്ലാം സ്വീകരിച്ചു. ഇന്നത്തെ മുസ്ലിംകളും ഇക്കാര്യം മനസ്സിലാക്കിയിരുന്നെങ്കിൽ, ഇസ്ലാമിന്റെ സന്ദേശങ്ങൾക്ക് എത്രയോ ഇരട്ടി പുരോഗതി പ്രാപിക്കാമായിരുന്നു. ഇത്തരക്കാർ കഠി നതയെ ഇഷ്ടപ്പെടുന്നവരുടെ ഇടയിൽ നിന്ന് രക്ഷപ്പെട്ടുകൊണ്ട് നമുക്ക് മുമ്പിൽ നമ്മുടെ പ്രിയ യജമാനൻ ﷺ കാണിച്ച മാതൃകക്കനു സരിച്ച് പ്രവർത്തിച്ചിരുന്നെങ്കിൽ !! *അല്ലാഹു ഇവർക്ക് ബുദ്ധി പ്രദാനം ചെയ്യുമാറാകട്ടെ.*

❁ ❁ ❁ ❁ ❁


**KHUTBA JUMA**

**HADHRAT MIRZA MASROOR AHMAD**
**KHALIFATUL MASIH - V**
**on 14 - 02 - 2011 at London**

**വിവർത്തനം**
എൻ ശഫീഖ് അഹ്മദ് പത്തപ്പിരിയം
മുബല്ലിഗ് കണ്ണൂർ സിറ്റി **PHONE :** 9895 109624

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode Published by : **Majlis Khuddamul Ahmadiyya, Kerala**